## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃപ്പൂണിത്തുറ നഗരസഭ – ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-06) യുടെ 15-ാമത് റിപ്പോർട്ട് - ഖണ്ഡിക 13-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 1223 /14/തസ്വഭവ.                തിരുവനന്തപുരം, തീയതി: 20/05/2014

---

പരാമർശം:- 1) തൃപ്പൂണിത്തുറ നഗരസഭാ സെക്രട്ടറിയുടെ 03/09/2008-ലെ G2/2730/97-ാം നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 26/03/2014-ലെ LF/Sp.Cell/G1/3913/2013-ാം നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-06) യുടെ 15-ാമത് റിപ്പോർട്ടിലെ തൃപ്പൂണിത്തുറ നഗരസഭയെ സംബന്ധിച്ച ഖണ്ഡിക 13 പ്രകാരം B.Ed കോളേജിന് കെട്ടിടം നൽകിയ ഇനത്തിൽ 1991 മുതൽ നാളിതു വരെ ലഭിക്കുവാനുള്ള വാടക ഈടാക്കുന്നതിനോ അല്ലെങ്കിൽ മുൻസിപ്പാലിറ്റിയുടെ നടപടിക്ക് സർക്കാർ സാധൂകരണം വാങ്ങുന്നതിനോ സമിതി നിർദ്ദേശിച്ചിരുന്നു.

നഗരസഭാ പ്രദേശത്തും സമീപ പ്രദേശത്തും ഉള്ളവരുടെ പൊതുവായ വിദ്യാഭ്യാസ പുരോഗതിയും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുന്നതിനും സ്വകാര്യ മേഖലയിലെ വിദ്യാഭ്യാസ ചൂഷണം ഒഴിവാക്കുന്നതിനും സാധാരണക്കാരും പാവപ്പെട്ടവരുമായ വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ താത്പര്യം സംരക്ഷിക്കുന്നതിനും വേണ്ടിയാണ് നഗരസഭ വക പഴയ കെട്ടിടം വാടകയില്ലാതെ എം.ജി യൂണിവേഴ്സിറ്റിക്ക് ബി.എഡ് കോളേജ് നടത്തുന്നതിനായി നൽകിയതെന്നും 25/02/2000-ലെ 19-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നഗരസഭയുടെ പ്രവൃത്തിക്ക് സാധൂകരണം നൽകാൻ സൂചന 1 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് സൂചന 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ നഗരസഭാ പ്രദേശത്തും സമീപ പ്രദേശങ്ങളിലും വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ടിട്ടുള്ള ഒരു പ്രാഥമിക നടപടിയെന്ന നിലയിലാണ് നഗരസഭാ കെട്ടിടം നൽകാൻ തീരുമാനിച്ചതെന്ന നഗരസഭയുടെ മറുപടിയും 20/03/2007 മുതൽ ടി സെന്റർ നഗരസഭയുടേതല്ലാത്ത മറ്റൊരു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത കണക്കിലെടുത്തും ബി.എഡ് കോളേജിന് പ്രവർത്തിക്കാൻ 1991 മുതൽ 20/03/2007 വരെ വാടക ഈടാക്കാതെ നഗരസഭാ കെട്ടിടം നൽകിയ തൃപ്പൂണിത്തുറ നഗരസഭയുടെ നടപടി സാധൂകരിക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-06) യുടെ 15-ാമത് റിപ്പോർട്ടിലെ തൃപ്പൂണിത്തുറ നഗരസഭയെ സംബന്ധിച്ച 13-ാമത് ഖണ്ഡികയിൽ പരാമർശിക്കുന്ന B.Ed കോളേജ് പ്രവർത്തിക്കുന്നതിനായി നഗരസഭാ കെട്ടിടം വാടകയില്ലാതെ 1991 മുതൽ 2007 വരെ നൽകിയ നഗരസഭാ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പ്രസന്നകുമാരി.എം.സി,

ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കേരള നിയമസഭ, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ